കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുമാരപുരം ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി11-1497/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഫോൺ: 0477 2252753

ഇ-മെയിൽ: ddhglfalpy@gmail.com

തീയതി, 02.11.2018

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുമാരപുരം ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം : കുമാരപുരം ഗ്രാമപഞ്ചായത്ത്- 2017 - 18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി11-1497/2018 തീയതി, 02.11.2018

# ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമ പഞ്ചായത്ത്
# 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള
# ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 22.07.2017 മുതൽ 3.10.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ജി.ഹരികുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 14.08.2018മുതൽ 17.08.2018 വരെ<br>3.10.2018 മുതൽ<br>09.10.2018 വരെ | ശ്രീ.വിജയകുമാർ.എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീ.രാജേഷ്.കെ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. രാജശ്രീ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ശ്രീദേവി.ആർ, |

| | |
|---|---|
| | സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. പ്രീത, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീ.എസ്.സുരേഷ് കുമാർ | 01.04.2017മുതൽ 31.03.2018വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1<br>2 | ശ്രീ. പി.എ.ഗീവർഗ്ഗീസ്<br>ശ്രീ. രഘുലാൽ.വി | 01.04.2017മുതൽ 07.06.2017 വരെ<br>08.06.2017മുതൽ 31.03.2018 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.സിന്ധു മോഹൻ | 01.04.2017മുതൽ 31.03.2018 വരെ |
| 2 | വികസന കാര്യം | ശ്രീ.സി.എസ്.രഞ്ജിത്ത് | 01.04.2017മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.എൽ.തങ്കമ്മാൾ | 01.04.2017മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യ കാര്യം<br>വിദ്യാഭ്യാസ കാര്യം | ശ്രീ.ഡി.സുഗേഷ് | 01.04.2017മുതൽ 31.03.2018 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി. ബെറ്റി വർഗ്ഗീസ് | 01.04.2017മുതൽ31.032018വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ഷൈജു.സി.എസ് | 01.04.2017മുതൽ31.032018വരെ |

| | | | |
|---|---|---|---|
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സൗമ്യ.എം.എസ്<br>ശ്രീമതി.വിജയശ്രീ.എം<br>ശ്രീമതി.സവിത.കെ.എസ് | 01.04.2017മുതൽ28.08.2017വരെ<br>29.08.2017മുതൽ05.12.2017വരെ<br>06.12.2017മുതൽ31.03.2018വരെ |
| 5 | വി.ഇ.ഒ (കുമാരപുരം)<br>(താമല്ലാക്കൽ) | ശ്രീമതി.ഷീനാമോൾ.കെ.ജെ<br>ശ്രീ.വിനോദ് കുമാർ. ആർ<br>ശ്രീ.വിനോദ് കുമാർ. ആർ | 01.04.2017മുതൽ21.11.2017വരെ<br>22.11.2017മുതൽ31.03.2018വരെ<br>01.04.2017മുതൽ31.03.2018വരെ |
| 6 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.അരുണാരാജ് | 01.04.2017മുതൽ31.03.2018വരെ |
| 7 | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ.സിജി | 01.04.2017മുതൽ31.03.2018വരെ |
| 8 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ശ്രീനി.ആർ | 01.04.2017മുതൽ31.03.2018വരെ |
| 9 | ഹെഡ്മാസ്റ്റർ (ഗവ.യുപി.എസ്. എരിക്കാവ്) | ശ്രീമതി.ഗീതാമണി.എസ് | 01.04.2017മുതൽ31.03.2018വരെ |
| 10 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.രാജൻ.സി<br>ശ്രീമതി.വിജി.വി | 01.04.2017മുതൽ28.10.2017വരെ<br>29.10.2017മുതൽ31.03.2018വരെ |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എസ്.ബാബുക്കുട്ടൻ നായർ | 01.04.2017മുതൽ31.03.2018വരെ |
| 12 | ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി.ശ്രീജ.എസ് | 01.04.2017മുതൽ31.03.2018വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 മുതൽ 1-11വരെ |
| | ഭാഗം 2 | |
| 2 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട വരവ് നിരീക്ഷണങ്ങൾ | 2-1 |

| | | |
|---|---|---|
| | ഭാഗം 3 | |
| 3 | പദ്ധതി നിർവ്വഹണവും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനവും | 3-1 |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട ചെലവ് നിരീക്ഷണങ്ങൾ | 3-2 |
| 5 | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട ചെലവ് നിരീക്ഷണങ്ങൾ | 3-3 |
| 6 | ആരോഗ്യം വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട ചെലവ് നിരീക്ഷണങ്ങൾ | 3-4 |
| 7 | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട ചെലവ് നിരീക്ഷണങ്ങൾ | 3-5 |
| | ഭാഗം 4 | |
| 8 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ 4-10വരെ |
| 9 | അനുബന്ധം 1-ഓഡിറ്റ് സാക്ഷ്യപത്രം | |
| 10 | അനുബന്ധം 2 | |
| 11 | അനുബന്ധം 3 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 22.3.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 125497035 | 183349000 |
| വാർഷിക കണക്ക് പ്രകാരം | 53189935 | 54521652 |

ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല

ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് പരിശോധനയിൽ വ്യക്തമാകുന്നു. 2017-18 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.
2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല.
3. മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.
4. പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടത്തിയിട്ടില്ല.
5. ബജറ്റ് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റു പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.05.2018 | 31.05.2018 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2017-18 | കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(51)/2018/6.7.18 | വിശേഷണങ്ങളോടു കൂടിയത്. |

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10841213 |
| വരവ് | 53189935 |
| ആകെ | 64031148 |
| ചെലവ് | 54521652 |
| നീക്കിയിരിപ്പ് | 9509496 |

1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | -- | 14348433 | 14348433 | 14301513 | 46920 |
| വികസനഫണ്ട് എസ്.സി.പി. | -- | 2131672 | 2131672 | 1928260 | 203412 |
| വികസനഫണ്ട് ടി.എസ്.പി. | -- | 419829 | 419829 | 419829 | -- |
| സംരക്ഷണഗ്രാന്റ് റോഡ് | -- | 5875124 | 5875124 | 5875124 | -- |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | -- | 3470000 | 3470000 | 3470000 | -- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | -- | 6600600 | 6600600 | 6600600 | -- |
| കെ.എൽ.എസ്.ജി. ഡി പി | -- | 1002351 | 1002351 | 990088 | 12263 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 6443124 | 7584000 | 14027124 | 12324661 | 1702463 |
| എസ്.ബി.ഐ ലിറ്ററസി | 321259 | 11991 | 333250 | ---- | 333250 |
| ഡിസ്ട്രസ് റിലീഫ് ഫണ്ട് | 3741 | 22311 | 26052 | 25000 | 1052 |
| എം.എൻ.ആർ.ഇ. ജി.എസ് | 77928 | 1474350 | 1552278 | 1558381 | (-)6103 |
| എസ്.ബി.ഐ(Total Sanitation) | 2092238 | 1881079 | 3973317 | 1015237 | 2958080 |

| | | | | | |
|---|---|---|---|---|---|
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | 0 | 750000 | 750000 | 597770 | 152230 |
| കറന്റ് അക്കൗണ്ട് | 5000 | 3846 | 8846 | 3872 | 4974 |
| ബി ഫണ്ട് | 0 | 190320 | 190320 | 190320 | NIL |
| തനത് ഫണ്ട് | 1519307 | 7597455 | 9116762 | 5109506 | 4007256 |
| ക്യാഷ് (തനത്) | 111491 | 77148 | 188639 | 111491 | 77148 |
| ജീവധാര | 267125 | 12021 | 279146 | _ | 279146 |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 146 | 49431204 | 122 | 39901392 | 4 | 20 | 83.5 |

1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 77928 | 1474350 | 1552278 | 1558381 | (-)6103 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | – | 77132254 | 77132254 | 77132254 | -- |
| ആകെ | 77928 | 78606604 | 78684532 | 78690635 | (-)6103 |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 190320 | 318 |
| കർഷകതൊഴിലാളി പെൻഷൻ | 7952000 | 722 |
| വിധവാപെൻഷൻ | 9208900 | 823 |
| വാർദ്ധക്യകാലപെൻഷൻ | 11895500 | 1200 |
| വികലാംഗപെൻഷൻ | 2880900 | 268 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 911300 | 81 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3.10.2018ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2600/- രൂപ ക്യാഷ് ബാലൻസിന്റെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
2. ബിൽ കളക്ടർമാർ (ക്ലർക്ക്) പിരിക്കുന്ന പണം ഫ്രണ്ട് ഓഫീസിൽ അടക്കും മുൻപ് അതിന്റെ കൃത്യത ഉറപ്പിക്കാനാവശ്യമായ പരിശോധന നടക്കുന്നില്ല.
3. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.
4. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.
5. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
6. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുമുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
7. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
8. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
9. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.
10. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
11. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
12. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7.8.18മുതൽ 8.8.18 വരെ | ജൂലൈ 2018 | 26.09.18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.5.2018 | 2013-14മുതൽ 2017-18 വരെ | 11.7.18 |

1-12 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ നികുതി ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

| ക്രമ നം. | ഇനം | ഡിമാൻഡ് തുക | കളക്ഷൻ തുക(17-18) | ലഭിക്കാനുള്ള തുക |
|---|---|---|---|---|
| 1 | വസ്തു നികുതി (നോൺ റെസിഡൻസ് - കറന്റ്) | 1024643 | 794826 | 229817 |
| 2 | വസ്തു നികുതി (റെസിഡൻസ്) അരിയർ (ബി15-വർഷം 16-17) | 710396 | 455526 | 254870 |
| 3 | തൊഴിൽ നികുതി (എംപ്ലോയീസ് - കറന്റ്) | 911570 | 872120 | 39450 |
| | ആകെ | | | 524137 |

എന്നാൽ തൻവർഷ ബാലൻസ് ഷീറ്റ് പത്രിക ബി15 പ്രകാരം ടി ഇനത്തിൽ ആകെ ലഭിക്കാനുള്ള തുകയായി കാണിച്ചിരിക്കുന്നത് 25910/- രൂപ മാത്രമാണ്. വ്യത്യാസത്തിന്റെ കാരണം വിശദമാക്കേണ്ടതാണ്.

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(51)/2018/6.7.18 നമ്പരായുള്ള ഓഡിറ്റ് സാക്ഷ്യപത്രത്തിൽ മറ്റ് വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട വരവ് നിരീക്ഷണങ്ങൾ

(1) തൊഴിൽ നികുതി കൃത്യമായി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധ വാർഷിക പത്രികകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. ഒന്നാം അർദ്ധ വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിട്ടില്ല. ആയതിനാൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധ വർഷത്തിലെ നികുതി ഈടാക്കേണ്ടതാണ്.
   എ) കൊശമറ്റം ഫൈനാൻസ്
   ബി) കയർ സഹകരണ സംഘം നം. 660
2. രണ്ടാം അർദ്ധ വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

എ. മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്

ബി. കാർത്തിക ഇൻഡസ്ട്രീസ്

സി. എസ്.എൻ. ഫിനാൻസ്.

3. സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന/തൊഴിൽ നികുതി ഈടാക്കിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ക്ഷീരോൽപ്പാദക സഹകരണ സംഘം, എരിക്കാവ് | I & II |
| 2 | കയർ സഹകരണ സംഘം-660 | I & II |
| 3 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് -2147 | I & II |
| 4 | സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് -1449 | I & II |
| 5 | എസ് ബി ഐ, ഡാണാപ്പടി | I & II |
| 6 | സപ്ലൈകോ ഡിപ്പോ | II |
| 7 | ഗുരുദേവട്രസ്റ്റ്, എരിക്കാവ് | II |
| 8 | എസ്സ് എസ്സ് ഫിനാൻസ് | I |
| 9 | കൊശമറ്റം ഫൈനാൻസ് | I |

തൊഴിൽ നികുതി കൃത്യമായും കാര്യക്ഷമമായും പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

4. ഗ്രാമപഞ്ചായത്ത് പരിധിയിൽ 15 റേഷൻ കടകൾ പ്രവർത്തിക്കുന്നതിൽ ഒരെണ്ണം മാത്രമേ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളൂ. ബാക്കി റേഷൻ കടകളുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(2) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. തന്മൂലം എല്ലാ വ്യാപാരികളും ഡി ആന്റ് ഒ ലൈസൻസ് എടുക്കുന്നതായോ തൊഴിൽ നികുതി ഒടുക്കുന്നതായോ ഉറപ്പുവരുത്താൻ കഴിയുന്നില്ല. ഇത് ലൈസൻസില്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനിടവരുത്തും. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്തെങ്കിലും ക്രിയാത്മകമായ ഇടപെടൽ നടത്തിയതായി കാണുന്നില്ല. എല്ലാ വ്യാപാരസ്ഥാപനങ്ങളെ കൊണ്ടും ലൈസൻസ് എടുപ്പിക്കുന്നതിനും അവരെ തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(3) സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നില്ല

പൊതു വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് നം.ജി.ഒ.(ആർ.ടി)2422/2007/പൊ.വി.വ./1.8.2007 പ്രകാരം തദ്ദേശസ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന അൺഎയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനു എൽ.എസ്.ജി.ഡി. എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അൺ എയ്ഡഡ് സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനു 1000/- രൂപയാണ് ഫീസ്. ടി പഞ്ചായത്തിലെ സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകുന്നത് സംബന്ധിച്ച് 12.09.2011-ലെ 42448/ഇ.ഡബ്ല്യു3/2011/തസ്വഭവ, നമ്പർ സർക്കുലർ പ്രകാരം സർക്കാർ പൊതു നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ യാതൊരു പ്രീ-പ്രൈമറി സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കാൻ പാടില്ലെന്നും, അപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണെന്നും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവിട്ടിരുന്നു.

മേൽ സാഹചര്യത്തിൽ പ്രീപ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും ലഭ്യമാക്കേണ്ടതും ഫിറ്റ്നസ് ഇല്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശസ്വയംഭരണ സ്ഥാനത്തിന്റെ ഓഫീസ് മേധാവി നടപടി സ്വീകരിച്ച് ഉറപ്പുവരുത്തേണ്ടതുമാണെന്ന് 30.12.2016-ലെ 792455/ഇ.ഡബ്ല്യു3/2016/തസ്വഭവ നമ്പർ സർക്കുലറിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂളുകൾ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയിലെ അംഗങ്ങൾ ഉറപ്പാക്കേണ്ടതാണ്.

(4) കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയില്ല

കെ.പി.ഡബ്ല്യു.എ കോഡിലെ ഖണ്ഡിക 15.4.1 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി, മുതലായവ) മൂന്ന് വർഷം തുടർച്ചയായി ക്ലെയിം ചെയ്യാതിരുന്നാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും അത് പഞ്ചായത്തിന്റെ റവന്യു അക്കൗണ്ടിലേക്ക് ചേർക്കാവുന്നതുമാണ്.

കുമാരപുരം ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്ക്, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2004-05 മുതൽ 2017-18 വരെ 905443/- രൂപ നിക്ഷേപമിനത്തിൽ നീക്കിയിരിപ്പുള്ളതായി കാണുന്നു. നീക്കിയിരുപ്പ് തുകയുടെ വർഷം തിരിച്ചുള്ള വിവരം സംക്ഷിപ്തത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ടി

നീക്കിയിരുപ്പിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നിർവ്വഹണവും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനവും

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1995 ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ്കമ്മിറ്റി രൂപീകരണവും നടപടിക്രമങ്ങളും അധികാരങ്ങളും) ചട്ടങ്ങൾ പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പ്, പ്രവർത്തനം, യോഗ നടപടിക്രമങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തമാക്കുന്നു. ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ച് രൂപീകരണവും പ്രവർത്തനവും പഞ്ചായത്തിൽ നടക്കുന്നുണ്ട്. മാസത്തിലൊരിക്കൽ നാല് സ്റ്റാന്റിംഗ്കമ്മിറ്റികളും യോഗം കൂടി പ്രധാന വിഷയങ്ങൾ ചർച്ചകൾ നടത്തുന്നുണ്ട് എന്നത് സ്വീകാര്യമാണ്. എന്നാൽ പല തീരുമാനങ്ങളും ചർച്ചകളിൽ മാത്രം ഒതുങ്ങിപ്പോകുന്നു എന്ന് സ്റ്റാന്റിംഗ്കമ്മിറ്റികളുടെ മിനിട്സിൽ നിന്നും വ്യക്തമാകുന്നു.

(1) സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനങ്ങൾ പലതും കടലാസിൽ ഒതുങ്ങുന്നു

സ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്സ് പരിശോധിക്കുമ്പോൾ കമ്മിറ്റി പ്രതിമാസം കൂടുകയും പല സുപ്രധാന തീരുമാനങ്ങൾ എടുക്കുകയും ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തീരുമാനങ്ങൾ പലതും കടലാസിൽ ഒതുങ്ങുന്നു എന്നതാണ് യാഥാർത്ഥ്യം.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുവടെ ചേർക്കുന്ന തീരുമാനങ്ങൾക്ക് സ്വീകരിച്ച/നടപ്പാക്കിയ നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ തീരുമാനങ്ങൾ പലതും നടപ്പിലായിട്ടില്ല എന്ന് വ്യക്തമാകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു. ഉചിത നടപടികൾ സ്വീകരിച്ച് തീരുമാനങ്ങൾ പ്രാവർത്തികമാക്കാൻ ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

| തീയതി/ തീരുമാനം നം. | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|
| 19.6.17, നം.3 | വഴിയോരങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് പരിശോധിച്ച് നടപടി എടുക്കാൻ സാനിറ്റേഷൻ കമ്മിറ്റിയെ ചുമതലപ്പെടുത്തി. | ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്. |
| 22.8.17 നം.2 &7 | പഞ്ചായത്തു തലത്തിൽ 20 പേരെ ഉൾപ്പെടുത്തി തുകൽസഞ്ചി നിർമ്മാണ യൂണിറ്റ് ആരംഭിക്കാൻ തീരുമാനിച്ചു.<br>പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ വീടുകളിൽ നിന്നും പ്രതിമാസം 50/-രൂപ | നടപ്പിലായില്ല.<br>മെ.സ്പാരോ ,കരുവാറ്റ എന്ന സ്ഥാപനത്തിൽ നിന്നും 3,37,981/- രൂപ ചെലവഴിച്ച് പദ്ധതിയുടെ ഭാഗമായി |

| | | |
|---|---|---|
| | നിരക്കിലും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും ജൈവമാലിന്യങ്ങൾ 100/- രൂപ നിരക്കിലും ശേഖരിക്കാൻ തീരുമാനിച്ചു. | തുണിസഞ്ചി വാങ്ങേണ്ടതായി വന്നു.<br>പദ്ധതി പാതിവഴിയിൽ |
| 19.9.17 നം. 4 | ജൈവമാലിന്യ സംസ്കരണത്തിനായി തൊഴിലുറപ്പ്പദ്ധതിയിൽ ഉൾപ്പെടുത്തി കംപോസ്റ്റ് കുഴികൾ നിർമ്മിക്കൽ | നടപ്പായില്ല |
| 20.1.18 | പ്ലാസ്റ്റിക്ക് ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്ന സ്ഥലത്തേക്ക് വഴി നിർമ്മിക്കാൻ സ്ഥലം വാങ്ങൽ, യൂണിറ്റിന് ഭൌതിക സാഹചര്യം ഒരുക്കുന്ന പ്രവൃത്തി നിലവിലെ പ്രതിസന്ധി പരിഹരിച്ച് യൂണിറ്റ് ആരംഭിക്കൽ<br>നടപ്പു വർഷത്തെ പദ്ധതിയിൽ ക്യാൻസർ രോഗം കണ്ടെത്തിയവരെ ക്യാമ്പിൽ പങ്കെടുപ്പിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യാൻ തീരുമാനിച്ചു. | വഴിക്ക് സ്ഥലം വാങ്ങി. യൂണിറ്റ് ആരംഭിച്ചില്ല.<br>തുടർപ്രവർത്തനം നടക്കുന്നില്ല. |

വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി

| | | |
|---|---|---|
| 7.3.17 | പൈപ്പ്കംപോസ്റ്റ് സ്ഥാപിക്കൽ | നടപ്പായില്ല |
| 28.4.17 | പാലോന്നിൽ പാടശേഖരം, മുണ്ടോലി പാടശേഖരം എന്നിവ കൃഷിയോഗ്യമാക്കി നെൽക്കൃഷി ചെയ്യൽ | നടപ്പാക്കിയില്ല. |

(2) പൊതുമരാമത്ത് പ്രവൃത്തികൾ - പഞ്ചായത്തിന്റെ വികസന പരിപ്രേഷ്യം സമഗ്രമല്ല

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സമഗ്ര വികസനവും പുരോഗതിയും പരിഗണിച്ചുള്ള പൊതുസമീപനം പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രതിഫലിക്കുന്നില്ല. പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ചുകൊണ്ട് പദ്ധതികൾ ഏറ്റെടുത്തു നടത്തുകയാണ ചെയ്യുന്നത്. പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട വികസന കാഴ്ചപ്പാട്, മുൻഗണനാക്രമം, ആവശ്യകത എന്നിവ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചർച്ച ചെയ്തിട്ടില്ല. പകരം വിവിധ വാർഡുകളിലെ റോഡ് വർക്കുകൾക്ക് പ്രാധാന്യം നൽകി

പ്രോജക്ടുകൾ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. വികസന കാഴ്ചപ്പാട് നയസമീപനം, തന്ത്രം എന്നിവ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കണക്കിലെടുക്കേണ്ടതും പഞ്ചായത്തിന്റെ സമഗ്രവികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചുകിട്ടുന്നതു വരെയുള്ള ആസൂത്രണ നടപടികൾ യഥാസമയം ഫലപ്രദമായി നടത്തുന്നതിനുവേണ്ട മുന്നൊരുക്കങ്ങളും ഇടപെടലുകളും നടത്തുക, ആവശ്യമായ യോഗങ്ങൾ യഥാസമയം വിളിച്ചുചേർക്കുക, ആവശ്യമായ തീരുമാനങ്ങൾ യഥാസമയം ഭരണസമിതിയിൽ എടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക, ആവശ്യമായ നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾക്കും വർക്കിഗ് ഗ്രൂപ്പുകൾക്കും നൽകുക,വികസന കാഴ്ചപ്പാട് രേഖ തയ്യാറാക്കി ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കുക, പ്രോജക്ട് പരിശോധനാ ഘട്ടത്തിൽ കാണുന്ന ന്യൂനതകൾ യഥാസമയം പരിഹരിച്ചു നൽകുക എന്നിവ വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലകളാണ്. എന്നാൽ വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ കീഴിൽ വരുന്ന മേഖലകളുമായി ബന്ധപ്പെട്ടുള്ള പ്രോജക്ടുകളുടെ രൂപീകരണം, ആവശ്യകത, മാനദണ്ഡങ്ങൾ, പഞ്ചായത്തിന്റെ പൊതുവായുള്ള വികസന കാഴ്ചപ്പാട് തുടങ്ങിയവ വികസന സ്റ്റാന്റിംഗ് കമ്മറ്റി സഗൗരവം ചർച്ചചെയ്തതായി കാണുന്നില്ല. മാത്രമല്ല പ്രോജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട് ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങളും, നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങളും വികസന സ്റ്റാന്റിംഗ് കമ്മറ്റി ചർച്ച ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല എന്ന് മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.. 2017-18വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് 2 യോഗം മാത്രമാണ് കൂടിയിട്ടുള്ളത്. (27.02.2017-ലും 09.05.2017-ലും) യോഗങ്ങളിൽ യാതൊരു ചർച്ചയും നടന്നതായി കാണുന്നില്ല. ഏതാനും പേരുടെ ഹാജർ രേഖപ്പെടുത്തിയതായി മാത്രമാണ് കാണുന്നത്. ഹാജർ രേഖപ്പെടുത്തി ശേഷിക്കുന്ന ഭാഗം ഒഴിച്ചിട്ടിരിക്കുന്നതായാണ് കാണുന്നത്. നിർവ്വഹണം ചെയ്യപ്പെട്ട പ്രോജക്ടുകൾ വർക്കിംഗ് ഗ്രൂപ്പ് തുടർനിരീക്ഷണം(follow up)ചെയ്യുന്നില്ല. പ്രോജക്ട് രൂപീകരണ ശേഷം മോണിറ്ററിംഗ് സമിതികളായി മാറേണ്ടതും പ്രവർത്തികളുടെ മോണിറ്ററിംഗ് നടത്തേണ്ടതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണെന്നിരിക്കെ ഈ കടമയും വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചിട്ടില്ല പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ചെയർമാനായ അസിസ്റ്റന്റ് എഞ്ചിനിയർ മാത്രമാണ് പ്രവൃത്തികൾ മോണിറ്ററിംഗ് ചെയ്യുന്നതായി കാണുന്നത്.

പൊതു മരാമത്ത് പ്രവൃത്തികൾ പരിശോധിച്ചതിൽ ധാരാളം റോഡ് പ്രവൃത്തികൾ ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് റോഡ് കണക്ടിവിറ്റി മാപ്പ്, റോഡുകളുടെ പട്ടിക (ഗ്രാവൽ റോഡ്, മെറ്റൽ റോഡ്, ടാർ റോഡ് ഇനം തിരിച്ച്) എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം റോഡ് കണക്ടിവിറ്റി ഭൂപടമോ, പദ്ധതിയോ തയ്യാറാക്കിയിട്ടില്ല. ആയത് തയാറാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. റോഡ് കണക്ടിവിറ്റി പ്ലാനിന്റെ അഭാവത്തിൽ ഫണ്ട് വാർഡ് തലത്തിൽ വീതം വച്ച് പോകുകയും കണക്ടിവിറ്റി ഇല്ലാത്ത റോഡ് വികസനം പാഴ്ചെലവായി മാറുകയും ചെയ്യുന്നതാണ്. ആയതിനാൽ ജി.ഒ (എം.എസ്)നം72/2017/തസ്വഭവ, 29.03.17 ഖണ്ഡിക 12.10.1 അനുശാസിക്കും പ്രകാരം റോഡ് കണക്ടിവിറ്റി മാപ്പും റോഡുകളുടെ പട്ടികയും അടിയന്തരമായി തയാറാക്കി റോഡ് നിർമ്മാണത്തിൽ വ്യക്തമായ ആസൂത്രണം നടപ്പിലാക്കേണ്ടതാണ്.

## 3-2 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട ചെലവ് നിരീക്ഷണങ്ങൾ

### (1) കൺവീനർക്ക് റിടെൻഷൻ തുക രണ്ട് തവണ തിരികെ നൽകി

അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 'അങ്കണവാടി കെട്ടിടനിർമ്മാണം വാർഡ് 4' എന്ന പദ്ധതിയിൽ (S143/15–2014-15, സ്പിൽ ഓവർ പ്രോജക്ട് S124/16 2015-16)പാർട്ട് ബിൽ പ്രകാരം റീടെൻഷന് തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിരുന്ന തുക46084/- രൂപ പ്രവൃത്തിയുടെ കൺവീനറായ ശ്രീ. സനൽ കുമാറിന് 02.05.2017ൽ TSBചെക്ക് നം.0854902 പ്രകാരം തിരികെ

നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക 07.04.2016 ൽ തന്നെ ടിയാൾക്ക് ഡി.ഡി.ആയി നൽകിയിട്ടുള്ളതാണ് (ഡി.ഡി. നം.90753 തീയതി 07.04.2016) തുക രണ്ട് തവണയും പിൻവലിച്ചതായും കാണുന്നു. തുക രണ്ട് പ്രാവശ്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. കൃത്യമായ പരിശോധനയില്ലാതെ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വിസിഷൻ പ്രകാരം റിടെൻഷൻ തുക തിരികെ നൽകിയതാണ് രണ്ട് പ്രാവശ്യം തുക നൽകാൻ ഇടയായത്. അധികം നൽകിയ 46084/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

(2) <u>കറന്റ് ചാർജ്ജ് -ഇലക്ട്രിസിറ്റിബോർഡിന് ബിൽ തുകയേക്കാൾ അധികം നൽകി</u>

ചെന്നാട്ട് കോളനിയിലെ പി.എച്ച്.സബ് സെന്ററിന്റെ കറന്റ് ചാർജ്ജ് ഒടുക്കുന്നതിന് ബിൽ തുകയായ 381/-രൂപയ്ക്ക് (വൌച്ചർ നം.21700247/08.06.17) ചെക്ക് നം.33183/08.06.17പ്രകാരം പെയ് മെന്റ് നടത്തിയിട്ടുണ്ട്. എന്നാൽ ടി ചെക്ക് പ്രകാരം 4878/- രൂപയാണ് തനത് ഫണ്ടിൽ നിന്ന് 14.06.17ൽ പിൻ വലിച്ചിരിക്കുന്നത്. 4497/-രൂപ ഇപ്രകാരം കൂടുതൽ കൊടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. അധികമായി നൽകിയ 4497/-രൂപ തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-3 വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട ചെലവ് നിരീക്ഷണങ്ങൾ

1. <u>ഡെപ്പോസിറ്റ് പ്രവൃത്തികൾ- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല</u>

നിർവഹണം - സെക്രട്ടറി

കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി പഞ്ചായത്ത് വികസനഫണ്ട് നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തികൾ പൂർത്തിയാക്കാത്ത സാഹചര്യത്തിൽ 16,36,957/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തികൾ പൂർത്തിയാക്കി വിനിയോഗ വിവരം അറിയിക്കേണ്ടതാണ്.

| ക്രമനം | പ്രവൃത്തി | ഡിപ്പോസിറ്റ്തുക | ബിൽ നം. | റിമാർക്സ് |
|---|---|---|---|---|
| 1. | വൈദ്യുത ലൈൻ വ്യാപനം-s0009/18 | 486060 | 284010/-ബിൽനം.20/18 dt.31.10.17<br>&<br>202050/-<br>ബിൽനം.41/18 dt.27.12.17 | വിനിയോഗ വിവരം ഇല്ല. എഗ്രിമെന്റിൽ തീയതികൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. |
| 2. | നടപ്പാതകളിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-S007/18<br>KSEB ഹരിപ്പാട് | 120997/-<br>93282/-<br>9291/-<br>11187/-<br>7237/- | 35/18 dt.27.1.18-<br>10/17-18 dt.29.7.17<br>44/17-18 dt.27.2.18<br>52/17-18 dt.17.3.18 | വിനിയോഗ വിവരം ഇല്ല |
| 3. | പഴയചിറയിൽ ട്യൂബ് വെൽ | 6,50,000/- | 22/17-18 dt.14.12.17 | വിനിയോഗ വിവരം ഇല്ല |

| | | | | |
|---|---|---|---|---|
| | നിർമ്മാണം-s0082/18 ഭൂജലവകുപ്പ് | | | |
| 4. | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ--s0010/18 | 199200/- | 23/17-18dt.6.1.18 | വിനിയോഗ വിവരം ഇല്ല |
| 5. | അംഗൻവാടി വാട്ടർകണക്ഷൻ--s0091/18 | 66700/- | 50,000/-ബിൽ നം.24/17-18 dt.17.11.17 &16700/-ബിൽ നം.51/17-1 dt.17.3.18 | വിനിയോഗ വിവരം ഇല്ല |
| 6. | പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് | 114000/- | 46/18 dt.17.3.18 | വിനിയോഗ വിവരം ഇല്ല |
| | ആകെ | 16,36,957/- | | |

(2) വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്താൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ- ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ(പ്രോ നം.: 154/18) എന്ന പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ജില്ലാ പഞ്ചായത്തിന്റെ 26.02.2018-ലെ പി.എൽ. 4508/2017-ാം നമ്പർ കത്ത് പ്രകാരം 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിനു സ്ഥലം വാങ്ങൽ എന്ന സംയുക്ത പ്രോജക്ടിന്റെ (SO 339/18) നിർവ്വഹണത്തിനായി ഗ്രാമ പഞ്ചായത്ത് വിഹിതം സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് നം. 799011400002864 ലേയ്ക്ക് കൈമാറിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല അപാകതയിന്മേൽ നൽകിയ ഓഡിറ്റന്വേഷണത്തിന് ജില്ലാ പഞ്ചായത്ത് തുക കൈപ്പറ്റിയ രസീത് മാത്രമാണ് ഹാജരാക്കിയത്. എന്നാൽ നാളിതുവരെയായും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ടി ഇനത്തിൽ ചെലവഴിച്ച തുകയായ 2ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

*പ്രോജക്ടിന്റെ മറ്റ് വിവരങ്ങൾ*

*അടങ്കൽ:2,00,000/- (വി.ഫ -എസ്.സി.പി)*

*ചെലവ്:2,00,000/- (ബിൽ നം.:03/17-18തീയതി, 28.02.2018)*

(3) അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - പൊതു അപാകതകൾ

2017-18 വർഷം പൊതു മരാമത്ത് പ്രവൃത്തികളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകതകൾ താഴെ കൊടുക്കുന്നു.

(1) നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്ക് (TR 7A) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
(2) കരാർ രജിസ്റ്ററിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed date of Completion)രേഖപ്പെടുത്തുന്നില്ല.

(3) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന ഭൂരിഭാഗം കരാറുകളിലും ടെണ്ടർ ഷെഡ്യൂളുകളിലും പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു. കൂടാതെ കാലഹരണപ്പെട്ട വ്യവസ്ഥകളാണ് കരാർ ഉടമ്പടി പത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

(4) ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ ലഭിച്ച തീയതി രേഖപ്പെടുത്തുന്നില്ല. കൂടാതെ ഇ.എം. ഡി. യുടെ വിശദാംശങ്ങളും രേഖപ്പെടുത്തുന്നില്ല. (കോളം -3,4 ,5 )

പ്രോജക്റ്റ് ഫയലുകളിലേയും അനുബന്ധ രജിസ്റ്ററുകളിലേയും ഇത്തരം അപാകങ്ങൾ നിർവ്വഹണ പ്രകീയയെ സാരമായി ബാധിക്കുന്നു. അപാകതകൾ പരിഹരിച്ച് പ്രവൃത്തികളുടെ കൃത്യമായ മേൽനോട്ടം സുഗമമാക്കേണ്ടതാണ്.

(4) പ്രവൃത്തി പൂർത്തീകരണ കാല താമസത്തിന് പിഴ ഈടാക്കിയില്ല

2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2112-1 ലെ വ്യവസ്ഥകൾക്കനുസൃതമായി നിശ്ചിത ശതമാനം പിഴ കരാറുകാരനിൽനിന്നും ഈടാക്കേണ്ടതുണ്ട്. ഏതെങ്കിലും കാരണവശാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം, നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കു മുമ്പ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ള പക്ഷം സമയം ദീർഘിപ്പിക്കാവുന്നതാണ് (ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത വിധം). ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി പൂർത്തീകരണ സമയം ദീർഘിപ്പിക്കാവുന്നതാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹1000/-, പരമാവധി ₹50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹2000/-, പരമാവധി ₹100000/-) പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് ഓരോ ആഴ്ചയ്ക്കും PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) നഷ്ട പരിഹാരം ഈടാക്കേണ്ടതുമാണ്. (Liquidated damage)

എന്നാൽ നിശ്ചിത കാലാവധിക്കു ശേഷം പൂർത്തീകരിച്ച താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളിൽ ഇപ്രകാരം കരാറുകാരൻ/കൺവീനർ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർ പ്പിക്കുകയോ പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തതായി കാണുന്നില്ല. ആയതിനാൽ പൂർത്തീകരണ കാലയളവിന് ശേഷമുള്ള ആഴ്ചകളിന്മേൽ PAC യുടെ 0.1% നിരക്ക് പ്രകാരമുള്ള പിഴ ഈടാക്കേണ്ടതുണ്ട്.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാർനം, കരാറുകാരൻ, എം.ബുക്ക് നം, പി.എ.സി. | കരാർ കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | പിഴ തുക |
|---|---|---|---|---|
| 1 | 06/AE/16-17/LSGD/ dt: 31.12.2016<br>വിനു. ആർ<br>34/16-17<br>(2,36,827-രൂ.)<br>പ്രോ.നം. 109/18(തറയിൽ പരൻകാമൂട് റോഡ് മെറ്റലിംഗ് വാർഡ്-2)<br>പ്രവൃത്തിമൂല്യം- | 2മാസം.<br>(05.03.2017) | 27.04.2017 | 7 ആഴ്ച<br>236827x0.7%<br>=1658/- രൂപ |

| | | | | |
|---|---|---|---|---|
| | 230181/- രൂപ<br>227879/- രൂപ (നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>ബിൽ നം. 36/17-18 /26.07.17- 33182/-(വി.ഫണ്ട്)<br>തനത് ഫണ്ട് - 194697/-<br>(ചെക്ക് നം. SB/XY 2733923/23.08.17) | | | |
| 2 | 37/AE/16-17 തീ: 29.03.2017<br>ശ്രീവല്ലഭൻ പി.<br>17/16-17<br>(993582/-രൂ.)<br>പ്രോ.നം. 123/18(ഇടക്കണ്ണംപള്ളി -ശ്രീരംഗം റോഡ് മെറ്റലിംഗ് & ടാറിംഗ്<br>പ്രവൃത്തിമൂല്യം- 992263/-രൂപ<br>(നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>ചെലവ്- 990088/- രൂപ<br>727170- ബിൽനം. 51/17-18/ തീയതി, 23.08.17<br>(CC 1st & part I Bill)<br>262918-ബിൽ നം. 52/17-18 തീയതി, 23.08.2017<br>(CC 1st & final Bill) | 1 മാസം<br>30.04.2017 | 22.06.2017 | 7 ആഴ്ച<br>993582x0.7% =6955/- രൂപ |
| | | | ആകെ | 8613/- |

ടി തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി ഒടുക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ

അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി നിർണ്ണയിക്കുന്നതായിരിക്കും.

മേൽ രണ്ടു പ്രവൃത്തികളിലും മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ചേർത്തിട്ടുണ്ടെങ്കിലും ചെയർമാൻ ഒഴികെയുള്ള മോണിറ്ററിംഗ് സമിതിയംഗങ്ങളുടെ പേരു വിവരമോ സാക്ഷ്യപ്പെടുത്തലുകളോ ഒന്നും രേഖപ്പെടുത്തയിട്ടില്ല. ഇതിൽ നിന്നും പദ്ധതികളുടെ മോണിറ്ററിംഗ് ഉദാസീനമായാണ് നടത്തുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിലേയ്ക്ക് വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു. കൂടാതെ യുക്തിസഹമായ പൂർത്തീകരണ കാലാവധി പ്രവൃത്തികൾക്ക് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

(5) <u>ഒഴിഞ്ഞ ബാരലിന്റെ വില ശരിയാംവണ്ണം ഈടാക്കിയില്ല- നഷ്ടം 5385/- രൂപ</u>

2017-18 വർഷം സ്പിൽ ഓവറായി നിർവ്വഹിക്കപ്പെട്ട ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. ആയതിനാൽ ഒഴിഞ്ഞ ഒരു ബാരലിന്റെ വിലയായി 250/-രൂപ വീതം ബില്ലിൽ കുറവു ചെയ്യേണ്ടിയിരുന്നു.എന്നാൽ ചില പ്രവൃത്തികൾക്ക് ബാരൽ വിലയായി 145 രൂപ മാത്രമാണ് കുറവ് വരുത്തിയിട്ടുള്ളത്.

പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.

ടാറിംഗ് പ്രവൃത്തികൾക്ക് പാക്ക്ഡ് ബിറ്റുമിൻ നിരക്ക് നൽകിയതിനാൽ കരാറുകാരനിൽ നിന്നും കാലി വീപ്പ തിരികെ ലഭ്യമാകാത്ത സാഹചര്യത്തിൽ ആയതിന്റെ നിരക്ക് ഈടാക്കാതിരുന്നതിനും ചില പ്രവൃത്തികളിൽ കുറഞ്ഞ നിരക്കിൽ മാത്രം കിഴിവ് വരുത്തിയതിനും വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റന്വേഷണത്തിന് ബാരൽ വിലയായ 5385/- രൂപ ഈടാക്കി ഒടുക്കു വരുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഒടുക്ക് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി പരിഗണിക്കുന്നതായിരിക്കും.

(6) <u>ക്വാറി മക്ക് ഉപയോഗിച്ചുള്ള പോട്ട് ഹോൾ ഫില്ലിംഗിന് അധിക നിരക്കിലുള്ള ഇനം എസ്റ്റിമേറ്റിലുൾപ്പെടുത്തി തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല</u>

വർക്കാലത്തോപ്പ്- പഴയചിറ റോഡ് ടാറിംഗ് എന്ന പ്രോജക്ടിന്റെ (പ്രോ നം. 127/18) എസ്റ്റിമേറ്റിൽ (Est No. 2017/24941) "Construction of GSB by providing local materials spreading in uniform layers with construction of GSB by providing local materials like quarry waste .....” എന്ന ഇനം (Item no. 2)ഉൾപ്പെടുത്തി 4.487 $m^3$ ന് 1644.20/$m^3$ എന്ന നിരക്ക് നൽകിയതായി കാണുന്നു. (എം. ബുക്ക് നം. 33/16-17 പേജ്നം. 1, 2,15). നിലവിലെ റോഡിലെ പല ഭാഗത്തും pot hole ഉള്ളതിനാൽ ക്വാറിമക്ക് പോട്ട് ഹോൾ ഫില്ലിംഗിന് പ്രപ്പോസ് ചെയ്യുന്നതായി എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം നടപ്പാക്കിയ സമാന പ്രോജക്ടുകളിൽ ക്വാറിമക്ക് ഉപയോഗിച്ച് പോട്ട് ഹോൾ ഫില്ല് ചെയ്യുന്നതിന് " Filling up low laying and water logged areas with local material/quarry muck.....”എന്ന ഇനമാണ് എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തി എം3 ന് 1153.02 നിരക്കിൽ അനുവദിച്ചിട്ടുള്ളത്.

ഉദാ: കുട്ടംകൈത മുട്ടേപ്പറമ്പ് റോഡ് 2-ാം ഘട്ടം (പ്രോജക്ട് നം. 149/18), തറയിൽ പരങ്കാമൂട് റോഡ് മെറ്റലിംഗ് വാർഡ്-2 (പ്രോ നം. 109/18)

അർഹമായ തുക = 4.487 $m^3$ @ 1153.02/ $m^3$

=5173.60/- ടെണ്ടർ കിഴിവ് (0.10%) = (-) 5.17 = 5168.43

അനുവദിച്ച തുക = 4.487 $m^3$ @ 1644.20/$m^3$

=7377.53/- ടെണ്ടർ കിഴിവ് (0.10%) = (-) 7.38 = 7370.15

അധികം നൽകിയ തുക = 7370.15 -5168.43 =2201.72/-

1644.20/എം$^3$ എന്ന നിരക്ക് നൽകാനുള്ള കാരണം വിശദമാക്കാനാരാഞ്ഞ് നൽകിയ

ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അർഹമായ ഇനത്തിനും നിരക്കിലും അധികം നൽകിയ 2202/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

*പ്രോജക്ട് വിശദാംശം.*

*അടങ്കൽ: 389610/- ( വി.ഫ. 88924/- തനത് ഫണ്ട്- 300686)*

*ചെലവ്: 386731/- ( ബിൽ നം. 45/17-18 / 31.07.17 – 88924/-; ചെക്ക് നം. 2734136/19.01.18- 297807/- )*

*കരാറുകാരൻ- മണിലാൽ എസ്.*

*കരാർ നം. - 30/AE/LSGD/KMP/16-17 തീ:18.03.2017*

*എം. ബുക്ക് നം. - 33/16-17*

*പ്രവൃത്തി മൂല്യം- 388336/- രൂപ*

(7) ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ്--എസ്റ്റിമേറ്റില്ലാതെ പ്രവൃത്തി നടപ്പാക്കി

ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ്--s008/18 എന്ന പദ്ധതിയിൽ പഞ്ചായത്തിന്റെ മുൻവശമുള്ള ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസിന് 34000/- ബിൽ നം.28/18 dt.17.1.18 പ്രകാരം ശ്രീകുമാരൻതമ്പി എന്ന കരാറുകാരന് നല്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് നിരക്ക് 40,000/- രൂപ ആയി കണക്കാക്കി ഇതിന്റെ 15% കുറവ് ക്വാട്ട് ചെയ്ത കരാറുകാരന് വർക്ക്ഓർഡർ നല്കുകയായിരുന്നു. എന്നാൽ എസ്റ്റിമേറ്റ് എടുത്തതോ തകരാർ എന്താണെന്നോ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകത പരാമർശിച്ച് നല്കിയ എൻക്വയറിക്ക് "ലൈറ്റ് കഴിഞ്ഞ ഭരണസമിതിയുടെ കാലത്ത് സിഡ്കോ സ്ഥാപിച്ചതാണെന്നും കമ്പനി മെയിന്റനൻസ് ഏറ്റെടുക്കുകയില്ലെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി യോട് എസ്റ്റിമേറ്റ് തയ്യാറാക്കാൻ ആവശ്യപ്പെട്ടിട്ട് കെ.എസ്.ഇ.ബിയും തയ്യാറാക്കാത്തതിനാൽ ഭരണാനുമതി തുകയ്ക്കുള്ള ക്വട്ടേഷൻ വിളിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന് വർക്ക് ഓർഡർ നല്കുകയായിരുന്നു "എന്നും മറുപടി നല്കി. എന്നാൽ സിഡ്കോയും കെ.എസ്.ഇ.ബി യും പ്രവൃത്തി ഏറ്റെടുത്തില്ല എന്നതു സംബന്ധിച്ചുള്ള കമ്മിറ്റി തീരുമാനം ലഭ്യമാക്കിയില്ല. എസ്റ്റിമേറ്റില്ലാതെ പ്രവൃത്തി നടപ്പാക്കുന്നത് ക്രമപ്രകാരമല്ല. പ്രവൃത്തികൾ സുതാര്യവും കുറ്റമറ്റ രീതിയിലും നടപ്പാക്കേണ്ടതാണ്.

(8) കന്ന്കുട്ടി പരിപാലനം – പദ്ധതിയിൽ തുടരാത്ത ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം ക്രമീകരിക്കേണ്ടത് സംബന്ധിച്ച്

പ്രോജക്ട് നം.S0039/18

ചെലവ് - 1,87,000/- (വികസന ഫണ്ട്) ബിൽ നം. 2/17-18 തീയതി 21.01.18

നിർവ്വഹണം വെറ്ററിനറി സർജൻ

ഗ്രാമ പഞ്ചായത്തിലെ തെരഞ്ഞെടുത്ത 30 പശുകിടാങ്ങൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്ന ഈ പദ്ധതിയുടെ അടങ്കൽ തുകയായ 7,50,000/- രൂപയുടെ ഗ്രാമപഞ്ചായത്ത് വിഹിതമായ25% 1,87,000/-രൂപ 21.01.2018 ൽ കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. (ഒരു യൂണിറ്റിന് 25,000/- രൂപ). മാർച്ച് 2018 മുതൽ കാലിത്തീറ്റ വിതരണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ശ്രീമതി. നിസ, റാഹത്ത് മൻസിൽ എന്ന ഗുണഭോക്താവ് നാളിതുവരെ കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ല. കൂടാതെ ശ്രീമതി.ഓമന, അനിൽഭവനം എന്ന ഗുണഭോക്താവ് 25.03.18ൽ മാത്രമാണ് കാലിത്തീറ്റ വാങ്ങിയിട്ടുള്ളത് (സബ്സിഡി തുക615/-രൂപ). പദ്ധതിയിൽ തുടരാത്ത മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾക്കായി നൽകിയ പഞ്ചായത്ത് വിഹിതം തിരികെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ് (6250/- +5635/-). അധികം നൽകിയ 11855/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(9) വെള്ളക്കരം-ടാപ്പുകളുടെ എണ്ണം കണക്കാക്കിയിട്ടില്ല

വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 490 പൊതു ടാപ്പുകളാണ് പഞ്ചായത്ത് പരിധിയിലുള്ളത്. പ്രതിമാസം 2,14,375/- രൂപ വെള്ളക്കരം ഇനത്തിൽ ഒടുക്കുന്നുണ്ട്. വർഷങ്ങളായി ഗ്രാമ പഞ്ചായത്ത് ഗാർഹിക വാട്ടർ കണക്ഷൻ പദ്ധതി നടപ്പാക്കിവരുന്ന തിനാൽ പൊതുടാപ്പുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കാവുന്നതാണ്. തൻവർഷവും 131 ഗാർഹിക വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ സഹായത്തോടെയുള്ള സംയുക്ത പരിശോധന നാളിതുവരെ നടത്തിയിട്ടില്ലാത്തതിനാൽ പൊതുടാപ്പുകളുടെ എണ്ണവും അവസ്ഥയും തിട്ടപ്പെടുത്തിയിട്ടില്ല (സ.ഉ (സാധാ) നം.1275/2009 ത.സ്വ.ഭ.വ തീയതി 30.05.2009). മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം പരാമർശിച്ചിരുന്നെങ്കിലും തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വാർഡ് തലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന പൊതുടാപ്പുകളുടെ എണ്ണം കണക്കാക്കേണ്ടതും അവയുടെ മാത്രം വെള്ളക്കരം ഒടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

(10) കാർഷികമേഖല—മാറ്റങ്ങൾ അനിവാര്യം

പഞ്ചായത്തിൽ ആകെ 731Ha കൃഷിഭൂമിയാണ് ഉള്ളത്. 179 Haതരിശു ഭൂമിയുള്ളതിൽ 150 Ha കൃഷി യോഗ്യമായ ഭൂമിയുണ്ട് എന്നിരിക്കെ അവ ഉപയോഗപ്പെടുത്താൻ നാളിതുവരെ ഒരു പ്രവർത്തനങ്ങളും നടപ്പാക്കിയിട്ടില്ല. 2018-19 ൽ 2.75 Ha സ്ഥലത്ത് വിരിപ്പ് കൃഷി ചെയ്തതൊഴിച്ചാൽ പഞ്ചായത്തിൽ നെൽക്കൃഷി നടപ്പിലാക്കിയിട്ടേയില്ല. നെൽക്കൃഷി നടപ്പാക്കുന്നതിൽ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മൂലം പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് കൃഷിഓഫീസർ അറിയിച്ചു. എങ്കിൽ തന്നെയും പ്രാരംഭഘട്ടത്തിൽ മുതൽമുടക്ക് അല്പം കൂടുതൽ ചെലവഴിക്കേണ്ടി വന്നാലും താല്പര്യമുള്ള കർഷകരെ കണ്ടെത്തി തദ്ദേശ സ്ഥാപനത്തിന് പാടശേഖര സമിതിയും വകുപ്പ്തല സഹായവും സംയോജിപ്പിച്ച് കാർഷികമേഖലയിൽ വിപ്ലവം സൃഷ്ടിക്കാൻ ഒരു ശ്രമം നടത്താവുന്നതാണ്.

കൃഷി ഭവൻ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പാക്കിയാൽ കർഷകർക്ക് വ്യക്തിഗതമായി കൂലിച്ചെലവ് കുറയ്ക്കാനും പച്ചക്കറിക്കൃഷി, ഇടവിളക്കൃഷി എന്നിവ വിപുലമായി നടപ്പാക്കാനും സാധിക്കും.എന്നാൽ കൃഷി ഭവൻ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പാക്കുന്നില്ല എന്നാണ് കൃഷിഓഫീസർ അറിയിച്ചത്. പഞ്ചായത്ത് പ്രദേശത്ത് പുഴകൾ ഇല്ലെങ്കിലും മറ്റ് ജലസ്രോതസ്സുകൾ കൃഷിക്ക് ഉപയുക്തമാക്കാനാവുന്നവ ഉണ്ട്. പ്രകൃതി ക്ഷോഭങ്ങൾ കാർഷികമേഖലയെ കീഴ്പ്പെടുത്തുന്നുണ്ടെങ്കിലും വരൾച്ച, വെള്ളപ്പൊക്കം എന്നിവയെ ഒരുപരിധി വരെ ചെറുത്തുനില്ക്കാൻ ഇടത്തോടുകളിലെ ജലനിർഗ്ഗമനം സുഗമമാക്കൽ, വാച്ചാലുകളുടെ പുനരുദ്ധാരണം, ബണ്ട് നിർമ്മാണം എന്നീ പ്രവൃത്തികൾ തൊഴിലുറപ്പ് പ്രവൃത്തികളിൽ ഏറ്റെടുത്ത് നടപ്പാക്കാനും കാർഷികരംഗത്ത് സ്വയംപര്യാപ്തമാകാനുള്ള ശ്രമം നടത്തേണ്ടതുമാണ്. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

(11) പഞ്ചായത്തിലെ പഴയ ഫർണീച്ചർ-കൃത്യമായ കണക്കില്ല

പഞ്ചായത്ത് ക്യാബിൻ നിർമ്മാണം,പഞ്ചായത്തിലേക്ക് ഫർണീച്ചർ വാങ്ങൽ എന്നീ പദ്ധതികളിൽ യഥാക്രമം 6,02,300/- രൂപ 79985/-രൂപ വീതം 17-18 ൽ വികസനഫണ്ട് ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 16-17 ൽ കോൺഫറൻസ് ഹാളിൽ പുതിയ ഡയസ് സ്ഥാപിച്ചിട്ടുണ്ട്. പുതിയ ഓഫീസ് ക്യാബിൻ സ്ഥാപിച്ച സാഹചാര്യത്തിലും ഡയസ് പുതിയത് സ്ഥാപിച്ച സാഹചര്യത്തിലും പഴയ ഉപകരണങ്ങൾ എന്തു ചെയ്തു എന്നറിയിക്കാൻ നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് ഓഫീസിന്റെ മുകളിലെ നിലയിലും 11ാം വാർഡിലെ എസ്.സി കോളനിയിലെ കമ്മ്യൂണിറ്റി ഹാളിലും സൂക്ഷിച്ചിട്ടുണ്ട് എന്ന് വാക്കാൽ മറുപടി നല്കി. എന്നാൽ ഇവ ഓഫീസിൽ നിന്നും നീക്കിയപ്പോൾ സ്റ്റോക്കിൽ ചേർത്ത് വിവരം സൂക്ഷിക്കുകയോ അധികാരപ്പെട്ട ഉദ്യോഗസ്ഥരാരും തന്നെ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. യാതൊരു കണക്കുമില്ലാതെ ഗുണമേന്മയുള്ളതും ഉപയോഗയോഗ്യമായതുമായ നിരവധി തടി ഉപകരണങ്ങൾ അലക്ഷ്യമായിടുന്നത് പൊതുമുതൽ നശിപ്പിക്കുന്നതിന് തുല്യം തന്നെയാണ്. ഇപ്രകാരം കണക്കില്ലാതെ ഉപകരണങ്ങൾ പല സ്ഥലങ്ങളിലായി കിടക്കുന്നതിനാൽ ഇവയിൽ നിന്ന് എന്തെങ്കിലും നഷ്ടമായിട്ടുണ്ടെങ്കിലും അറിയാൻ സാധിക്കുകയില്ല എന്ന കാര്യവും ഓർമ്മപ്പെടുത്തുന്നു. വിശദീകരണം

നല്കേണ്ടതാണ്.

## 3-4 ആരോഗ്യം വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട ചെലവ് നിരീക്ഷണങ്ങൾ

(1) സർക്കാർ ഉത്തരവിന് വിരുദ്ധമായി വികസന ഫണ്ട് ചെലവഴിച്ചു

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്റ്റ് നടപ്പിലാക്കുന്നതിനായി വികസനഫണ്ടിൽ നിന്നും 50000/- വകയിരുത്തി പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള തുക കേരള കാളിദാസ കേരളവർമ്മ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിന് നൽകുകയും തദനുസരണം ഹെഡ് മാസ്റ്റർ, കേരള കാളിദാസ കേരളവർമ്മ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ, കുമാരപുരം - ഹരിപ്പാട് സർക്കിൾ ഇൻസ്പെക്ടർ എന്നിവരുടെ സിൻഡിക്കേറ്റ് ബാങ്കിലെ ജോയിന്റ് അക്കൗണ്ടിൽ നിന്നും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സ.ഉ.(സാധാ)/3/12ത.സ്വഭ.വ/02.01.12പ്രകാരം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് അവരുടെ തനത് ഫണ്ടിൽ നിന്നും 50000/- രൂപയിൽ കവിയാത്ത തുക കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചെലവഴിക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും 50000 രൂപ ചെലവഴിച്ചു.

തനത് ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിലും ഡി.പി.സി.യുടെ അംഗീകാരത്തോടെയുമാണ് ഇപ്രകാരം വികസനഫണ്ടിൽ നിന്നും ചെലവ് ചെയ്തിട്ടുള്ളതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ടി മറുപടി പ്രസ്തുത സർക്കാർ ഉത്തരവിന് ഘടകവിരുദ്ധമായതിനാൽ ചെലവ് തുക 50,000/- തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് വിശദാംശം ചുവടെ

*പ്രോ.നം. 93/18(സ്റ്റുഡന്റ് പോലീസ് കേഡറ്റ് )*

*അടങ്കൽ: 50,000/-(വി .ഫ)*

*ചെലവ്: 50,000/- (ബിൽ നം. 02/17-18/15.01.2018)*

(2) പ്ലാസ്റ്റിക്ക് ഷ്രഡിംഗ് യൂണിറ്റ്--പദ്ധതി ഇഴയുന്നു

പ്ലാസ്റ്റിക്ക് ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിക്കൽ-S0043/18 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വികസനഫണ്ട് 9,17,343/- രൂപ ക്ലീൻകേരള കമ്പനിക്ക് നല്കിയിട്ടുണ്ട്. കമ്പനിയുമായുണ്ടാക്കിയ കരാർ പ്രകാരം എഗ്രിമെന്റ് തീയതി മുതൽ (15.3.18) 3 മാസത്തിനകം മെഷീൻ സ്ഥാപിച്ചു നല്കണം എന്നതായിരുന്നു വ്യവസ്ഥ. എന്നാൽ പദ്ധതി പ്രാവർത്തികമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്ലീൻകേരള കമ്പനിയുടെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഷ്രഡിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കുക, 15 വാർഡുകളിലെയും പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിച്ച് പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുന്ന ഷ്രഡിംഗ് യൂണിറ്റിൽ എത്തിച്ച് ഷ്രഡ് ചെയ്ത പ്ലാസ്റ്റിക്കുകൾ ക്ലീൻകേരള കമ്പനി വാങ്ങി റോഡ് ടാറിംഗിന് വേണ്ടി ഉപയോഗിക്കാൻ പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം എന്നിവർക്ക് കൈമാറുക എന്നതാണ് പദ്ധതി ലക്ഷ്യം. പദ്ധതിയുടെ നിലവിലെ അവസ്ഥ ആരാഞ്ഞ് നല്കിയ എൻക്വയറിക്ക്, പഞ്ചായത്തിന്റെ കെട്ടിടത്തിൽ ഷ്രഡിംഗ് യൂണിറ്റ് ആരംഭിക്കാനുള്ള നടപടികൾ തുടരുന്നതായുംകെട്ടിടത്തിന്റെ വൈദ്യുതീകരണവും വാട്ടർകണക്ഷൻ നടപടികളും നടന്നുവരുന്നതായും അറിയിച്ചു. ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടില്ലാത്തതിനാൽ ക്ലീൻ കേരള കമ്പനി ഷ്രഡിംഗ് മെഷീൻ സപ്ലൈചെയ്ത് സ്ഥാപിച്ചു നല്കിയിട്ടില്ല. യൂണിറ്റ് പ്രവർത്തനം സജ്ജമാകുന്നതിനു മുൻപ് തന്നെ വിവിധ വാർഡുകളിൽ നിന്ന് പ്ലാസ്റ്റിക്ക് ശേഖരിച്ച് പകൽ വീട്ടിലും മറ്റുമായി നിക്ഷേപിച്ചതിന് തനത്ഫണ്ട് 30780/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രാരംഭഘട്ട പ്രവർത്തനങ്ങൾ നടപ്പാക്കാത്തതിനാൽ പദ്ധതി പ്രാവർത്തികമാകാതെ ഇഴയുകയാണ്. യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ റെഡ്ബീസ്ആർമി എന്ന പദ്ധതിയും പാതിവഴിയിൽ നില്ക്കുകയാണ്. ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് 2017-18ൽ ഇതേ പദ്ധതി

ബ്ലോക്കിനു കീഴിലുള്ള പഞ്ചായത്തുകൾക്ക് വേണ്ടി നടപ്പാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കുമാരപുരം പഞ്ചായത്ത് മാത്രം നേരിട്ട് ഈ പദ്ധതി നടപ്പാക്കുന്നതിൽ ശരിയായ പഠനം നടത്തിയില്ല എന്ന് വിലയിരുത്തുന്നു. തുടർപ്രവർത്തനവും പഞ്ചായത്തിന് ബാദ്ധ്യതയാകുന്നതാണ്.

യൂണിറ്റ് പ്രവർത്തനം സജ്ജമാക്കുന്നതിനുള്ള തുടർനടപടികൾ അടിയന്തിരമായി സ്വീകരിച്ച് പദ്ധതി പ്രവർത്തനം വിജയകരമാക്കേണ്ടതാണ്. പദ്ധതി പൂർത്തിയാകാത്ത സാഹചര്യത്തിൽ 9,17,343/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവിന്റെ വിശദാംശം:

(5,49,800 –ബിൽ നം.55/18 dt.21.3.18

3,67,543—വൌച്ചർ നം. 21701036/26.3.18 )

(3) റെഡ്ബീസ് ക്ലീനിംഗ് ആർമി--തുടർ പ്രവർത്തനം മന്ദഗതിയിൽ

റെഡ്ബീസ് ക്ലീനിംഗ് ആർമി--s0083/18 പദ്ധതിയുടെ ഭാഗമായി വീടുകളിൽ നിന്ന് ഹരിതകർമ്മസേന അംഗങ്ങൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കലും ഷ്രഡിംഗ് യൂണിറ്റിൽ എത്തിക്കലും ആണ് ലക്ഷ്യം വച്ചിരുന്നത്. ഇതിനായി 6377 തുണിബാഗുകൾ @53രൂപ പ്രകാരവും 30 യൂണിഫോംകോട്ടും തൊപ്പിയും@400/-രൂപ പ്രകാരവുംആകെ 3,49,981/- രൂപ വികസനഫണ്ട് പിൻവലിച്ച് (ബിൽ നം.53/18 dt.23.3.18) മെ.സ്പാരോ, കരുവാറ്റ എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. എന്നാൽ തുണിബാഗുകളും യൂണിഫോമും പകൽവീട്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

വാർഡുകളിൽ നിന്ന് മാലിന്യങ്ങൾ ശേഖരിക്കാൻ ഹരിതകർമ്മസേന അംഗങ്ങളെ രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനങ്ങൾ ഒന്നും തന്നെയില്ല.

പ്ലാസ്റ്റിക്ക് ഷ്രഡിംഗ് യൂണിറ്റ് യാഥാർത്ഥ്യമായെങ്കിൽ മാത്രമേ തുടർപ്രവർത്തനം സാധ്യമായി പദ്ധതി വിജയപ്രദമാക്കാൻ സാധിക്കുകയുള്ളൂ. ഭൌതികസാഹചര്യങ്ങൾ ഒരുക്കാതെയും ദീർഘവീക്ഷണമില്ലാതെ പദ്ധതി നടപ്പാക്കുന്നതിലും ഉണ്ടാകുന്ന പാളിച്ചയാണ് പല പദ്ധതികളും പരാജയപ്പെടുന്നതിന് മുഖ്യ കാരണം. പദ്ധതി നിലവിൽ വാങ്ങലിൽ മാത്രം ഒതുങ്ങിയിരിക്കുകയാണ്. പദ്ധതിലക്ഷ്യം നിറവേറിയിട്ടില്ലാത്തതിനാൽ 3,49,981/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട ചെലവ് നിരീക്ഷണങ്ങൾ

(1) എസ്.സി/ എസ്.ടി വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് പഠനമുറി - സർക്കാർ നിബന്ധനകൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനിയർ

ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് പഠനമുറി എന്ന പദ്ധതി പ്രകാരം 6 ഗുണഭോക്താക്കൾക്ക് (4 എസ്.സി, 2 എസ്.ടി) ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന താഴെ പറയുന്ന രേഖകൾ/ സാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1. ഗുണഭോക്താവിന് നിലവിൽ 800 ചതുരശ്ര അടി വിസ്തൃതിയിൽ അധികരിക്കാത്ത വാസയോഗ്യമായ വീടുണ്ടെന്നുള്ള വിവരം.
2. പുതുതായി നിർമ്മിച്ച മുറിയ്ക്ക് 120ചതുരശ്ര അടിയിൽ കുറയാത്ത വിസ്തൃതിയുണ്ടെന്നുള്ള സാക്ഷ്യപത്രം.
3. ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട വകുപ്പിൻ നിന്നും ടി ആനുകൂല്യം മുമ്പ് ലഭ്യമായിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.
4. 2015-16, 16-17 വർഷങ്ങളിൽ കരാർ വെച്ച് പ്രവൃത്തി ആരംഭിച്ചിട്ടുള്ളവർക്കും തൻവർഷം തുക നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ പേര് വിവരം, മുൻകൂർ നൽകിയ തുകയുടെ വിവരങ്ങൾ

എന്നിവ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മുൻകൂർ തുക കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളെല്ലാവരും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

5. എസ്റ്റിമേറ്റ് തയ്യാറാക്കി മെഷർമെന്റ് എടുത്ത് അതിന്റെ അടിസ്ഥാനത്തിൽ പരമാവധി ഒരു ലക്ഷം രൂപ നൽകുവാനാണ് സർക്കാർ നിർദ്ദേശിച്ചിരുന്നത്. എന്നാൽ ഇവിടെ ഗുണഭോക്തൃ സമിതി വർക്ക ചെയ്യുന്നതായി രേഖപ്പെടുത്തി അളവ് ബുക്കിലെ അളവുകളുടെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്തി നികുതികളും മറ്റും കുറവ് ചെയ്താണ് ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടുള്ളത്.
6. പൂർത്തികരണ വിവരം ലഭ്യമാക്കിയിട്ടില്ല.

ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് വിവരം, | കരാർ ചമച്ച വർഷം, ആകെ കൈപ്പറ്റിയ തുക (ലഭ്യമായ ഫയൽ പ്രകാരം) | തൻവർഷം കൈപ്പറ്റിയ തുക | ബിൽ വിവരം |
|---|---|---|---|---|
| 1 | വൈശാഖ്.വി (വാസുദേവൻ) | 17-18 (75319/-) | 75319 | 3(II)/25.3.18 |
| 2 | അരുൺകുമാർ (തങ്കമണി) | 17-18 (99899/-) | 49899<br>50000 | 2(II)/25.3.18<br>1(II)/25.3.18 |
| 3 | ശ്രീലക്ഷ്മി.സി (ചന്ദ്രിക) | 17-18 (29403/-) | 29403 | 88/25.3.18 |
| 4 | സൂര്യ.ആർ | 15-16 (64889/-) | -- | |
| 5 | രമ്യ.കെ | 15-16 (69938/-) | 30000 | 87/25.3.18 |
| | ആകെ | | 234621 | |

നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തവരുടെ പൂർണ്ണമായ ലിസ്റ്റ് ഹാജരാക്കേണ്ടതാണ്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് സ്പഷ്ടീകരണം നൽകികൊണ്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.2.2016 ലെ 626/16 നമ്പർ സർക്കാരുത്തരവിലെ നിബന്ധനകൾ പാലിക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളതെന്നു കാണുന്നു. ടി അപാകതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ചെലവ് തുക 234621/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(2) <u>എസ്.സി വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് പഠനമുറി -സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അധിക തുക ചെലവഴിച്ചു</u>

2016-17 ലെ പദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടുള്ള അനന്തകൃഷ്ണൻ.സി, (മാതാവ്- ഗീതാകുമാരി) പുത്തൻകണ്ടത്തിൽ എന്ന ഗുണഭോക്താവിന് പഠന മുറിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ

നിർദ്ദേശിച്ചിട്ടുള്ള ഒരു ലക്ഷം രൂപയിലധികം ധനസഹായം നൽകിയതായി കാണുന്നു. വിശദ വിവരം ചുവടെ

ബിൽ നം. 18/28.2.17 - 40000/-

29/31.3.17 – 41859/-

50/23.8.17 – 22052/-

ആകെ - 103911/- രൂപ

അധികം നൽകിയ തുക 3911/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(3) അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല

കുമാരപുരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 18 അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നു. അതിൽ 14 എണ്ണം സ്വന്തം കെട്ടിടത്തിലും 4 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിയ്ക്കുന്നത്. അങ്കണവാടി നം. 85 ന് സ്വന്തമായി സ്ഥലം ഉണ്ടെങ്കിലും കെട്ടിടം നിർമ്മിയ്ക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

കുടിവെള്ളം- ഒരു അങ്കണവാടിയ്ക്ക് ഒഴികെ(നം 84) മറ്റ് 17 എണ്ണത്തിനും കുടിവെള്ള സൌകര്യം ഉണ്ട്.

ടോയ്‌ലെറ്റ്- 15 എണ്ണത്തിന് ടോയ് ലെറ്റ് സൌകര്യം ഉണ്ട്. 7 അങ്കണവാടികളിൽ ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് ഉണ്ട്.

വൈദ്യുതി- സ്വന്തമായി കെട്ടിടം ഉള്ള 14 എണ്ണത്തിനും വൈദ്യുത കണക്ഷൻ ഉണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്ന 4 അങ്കണവാടികളിൽ രണ്ട് എണ്ണത്തിൽ വൈദ്യുത കണക്ഷൻ ഉണ്ട്. ഇല്ലാത്തവ വൈദ്യുത കണക്ഷൻ ഉള്ള മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറുവാൻ നിർദ്ദേശിച്ചിട്ടുണ്ടെന്ന് അറിയിച്ചു.

ചുറ്റുമതിൽ- 6 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ്- അങ്കണവാടികൾ പ്രവർത്തിയ്ക്കുന്ന കെട്ടിടം നിലവിൽ സുരക്ഷിതമാണോ എന്ന് പരിശോധിച്ച് നൽകുന്ന ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് 2017-18 വർഷം ബന്ധപ്പെട്ട ഐ.സി.ഡി.എസ് ഓഫീസർക്ക് നൽകിയിട്ടില്ല. (ടി സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് എഞ്ചിനിയറുടെ ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു)

അങ്കണവാടികളുടെ പ്രവർത്തനം സാമാന്യം തൃപ്തികരമെങ്കിലും 4 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ലാത്തത് അപര്യാപ്തതയാണ്. അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം.31055/ഡി.സി. 2/2011/ത.സ്വ.ഭ.വ /22.03.2011ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(4) ലൈഫ് പദ്ധതി--തുടർനടപടി സ്വീകരിക്കേണ്ടതാണ്

2016-17 ൽ ലൈഫ് പദ്ധതി ഒന്നാം ഘട്ടത്തിൽ വിവിധ ഭവനപദ്ധതികളിലായി നിർമ്മാണ പൂർത്തിയാക്കാതിരുന്ന 6 ഗുണഭോക്താക്കളിൽ 5 പേരും നിർമ്മാണം പൂർത്തിയാക്കിയതായും ശേഷിക്കുന്ന ഒരു ഗുണഭോക്താവിനെക്കൊണ്ട് നിർമ്മാണം പൂർത്തിയാക്കിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായും വി.ഇ.ഒ അറിയിച്ചു. 2017-18 ൽ രണ്ടാംഘട്ടത്തിൽ എഗ്രിമെന്റ് വച്ച 259 ഗുണഭോക്താക്കളിൽ 80ഗുണഭോക്താക്കൾക്ക് 40,000/- രൂപ പ്രകാരം 32,00,000/- രൂപ ആദ്യഗഡു നല്കിയിട്ടുണ്ട്. ഇവർ ഫൗണ്ടേഷൻ നിർമ്മാണം ആരംഭിച്ചതായും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. എഗ്രിമെന്റ് വച്ച മുഴവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം വിതരണം ചെയ്ത് പദ്ധതി പൂർണ്ണമാക്കാനും ആദ്യഘട്ടത്തിലെ ശേഷിക്കുന്ന ഒരു ഗുണഭോക്താവ് ഉൾപ്പെടെ രണ്ടാംഘട്ടത്തിലെ ആദ്യഗഡു കൈപ്പറ്റിയവരെക്കൊണ്ടും കൃത്യമായ സമയക്രമം പാലിച്ച് ഭവനനിർമ്മാണം പൂർത്തിയാക്കിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 200000 | പാൽ സബ്സിഡി | 200000 | ------ |
| | | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 97886 | 2114 |
| | | 150000 | ഹരിതാഭം | | 150000 |
| | | 300000 | പാലീയേറ്റീവ് കെയർ | 299884 | 116 |

4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുത ലൈൻ വ്യാപനം- | 284010/-ബിൽനം.20/18 dt.31.10.17<br>&<br>202050/-<br>ബിൽനം.41/18 dt.27.12.17 | 486060 | -- | 486060 |
| | നടപ്പാതകളിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ- | 35/18 dt.27.1.18-<br>10/17-18 dt.29.7.17<br>44/17-18 dt.27.2.18<br>52/17-18 dt.17.3.18 | 120997<br>93282<br>9291<br>11187<br>7237 | -- | 120997 |
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പഴയചിറയിൽ ട്യൂബ് വെൽ നിർമ്മാണം- | 22/17-18 dt.14.12.17 | 6,50,000 | -- | 650000 |
| കേരള വാട്ടർ | പൈപ്പ് ലൈൻ | 23/17-18dt.6.1.18 | 199200 | -- | 199200 |

| | | | | | |
|---|---|---|---|---|---|
| | ദീർഘിപ്പിക്കൽ-- | | | | |
| അതോറിറ്റി | അംഗൻവാടി വാട്ടർകണക്ഷൻ-- | 50,000/-ബിൽ നം.24/17-18 dt.17.11.17 &16700/-ബിൽ നം.51/17-1 dt.17.3.18 | 66700 | -- | 66700 |
| പി.ഡബ്ല്യൂ.ഡി | പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് | 46/18 dt.17.3.18 | 114000 | -- | 114000 |
| | ആകെ | | 16,36,957- | | 1636957 |

4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-4. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | 323/2010 /LSGD/29.01.2010 | 11610000 | 2553678 | 1236000 | | 1317678 |

4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11116/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2002-03 | 2(1), 3(1-8) | 2236 | മുഹമ്മദ് കുഞ്ഞ് | 117030500007/27.06.17 |
| | | 2172 | മുഹമ്മദ് കുഞ്ഞ് | 117030101718/08.08.17 |
| | | 2236 | മുഹമ്മദ് കുഞ്ഞ് | 117030500004 |

| | | | | |
|---|---|---|---|---|
| | | 2236 | മുഹമ്മദ് കുഞ്ഞ് | 11703050005 |
| | | 2236 | മുഹമ്മദ് കുഞ്ഞ് | 11703050009 |
| ആകെ | | 11116 | | |

4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 3-33 | 2001-02 | | മണ്ഡരി നിവാരണവും തെങ്ങുകൾക്ക് മരുന്ന് തളിയും | പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട് |

4-8. ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53189935 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54521652 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 62079 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3400787 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.2.1 | | 46084 | ശ്രീ.പി.എ.ശീവർഗ്ഗീസ്, സെക്രട്ടറി |
| 3.2.2 | | 4497 | ശ്രീ.രഘുലാൽ.വി, സെക്രട്ടറി |

| | | | |
|---|---|---|---|
| 3.3.5 | | 5385 | ശ്രീ.രാജൻ.സി, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3.3.6 | | 2202 | ശ്രീമതി.വിജി.വി, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3.5.2 | | 3911 | ശ്രീ.രാജൻ.സി, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | | 62079 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.3.1 | 1636957 | ശ്രീ.രഘുലാൽ.വി, സെക്രട്ടറി |
| 3.3.2 | 200000 | ശ്രീ.എസ്.ബാബുക്കുട്ടൻ നായർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3.3.8 | 11885 | ഡോ.ഷൈജു.സി.എസ്സ്, വെറ്ററിനറി ഡോക്ടർ |
| 3.4.1 | 50000 | ശ്രീമതി.ഗീതാമണി, എച്ച്.എം. |
| 3.4.2 | 917343 | ശ്രീ.രഘുലാൽ.വി, സെക്രട്ടറി |
| 3.4.3 | 349981 | ശ്രീ.രഘുലാൽ.വി, സെക്രട്ടറി |
| 3.5.1 | 234621 | ശ്രീമതി.വിജി.വി, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 3400787 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.എ.ഗീവർഗ്ഗീസ്, സെക്രട്ടറി | സെക്രട്ടറി, പത്തിയൂർ ഗ്രാമപഞ്ചായത്ത് | മുല്ലശ്ശേരിൽ നെബുവില്ല,മുട്ടം.പി.ഒ. ഹരിപ്പാട്. |
| രഘുലാൽ.വി,സെക്രട്ടറി | സെക്രട്ടറി,കുമാരപുരം ഗ്രാമ പഞ്ചായത്ത് | ശാസ്താംപറമ്പിൽ, കിഴക്കേക്കര വടക്ക്, വലിയപറമ്പ്.പി.ഒ., തൃക്കുന്നപ്പുഴ |
| രാജൻ.സി, അസിസ്റ്റന്റ് എഞ്ചിനീയർ | -- | ഷൈലജാഭവനം, ചുനക്കര നോർത്ത്.പി.ഒ, മാവേലിക്കര |
| വിജി.വി, | അസിസ്റ്റന്റ് | വാസന്തി നിവാസ്, |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | എഞ്ചിനീയർ,കുമാരപുരം ഗ്രാമ പഞ്ചായത്ത് | കമ്മാളക്കുന്ന്, ചിറയിൻകീഴ്, തിരുവനന്തപുരം |
| ഗീതാമണി.എസ്,എച്ച്.എം (യു.പി.എസ് ) | എച്ച്എം, ഗവ.യു.പി.എസ്, എരിക്കാവ് | കൈതച്ചിറയിൽ, മഹാദേവികാട്.പി.ഒ. കാർത്തികപ്പള്ളി |
| ഡോ.ഷൈജു.സി.എസ്, വെറ്ററിനറി സർജൻ | വെറ്ററിനറി ഹോസ്പിറ്റൽ, താമല്ലാക്കൽ | ചൂരക്കുഴിയിൽ വീട്, നങ്ങ്യാർകുളങ്ങര.പി.ഒ, ഹരിപ്പാട് |
| എസ്.ബാബുക്കുട്ടൻ നായർ, അസിസ്റ്റന്റ് സെക്രട്ടറി | -- | കൊച്ചുവീട്ടിൽ, ഏവൂർ തെക്കുംമുറി,കീരിക്കാട്.പി.ഒ |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97മുതൽ 2005-06വരെ | എൽ.എഫ്.ജി.എ5-1832/2011/12.02.12 |
| 2006-07 മുതൽ 2009-10വരെ | എൽ.എഫ്.ജി.എ5-1577/13/12.05.14 |
| 2010-11, 2011-12 | എൽ.എഫ്.എപി3-48/13/07.02.13 /10.04/13 |
| 2012-13 | എൽ.എഫ്.എപി11-79/15/26.03.15 /05.05.15 |
| 2013-14 | എൽ.എഫ്.എപി.ഇസെഡ്.പി11-678/15 |
| 2014-15 | കെ. എസ്. എ.- എ.എൽ.പി.-പി.11/550 /2016തീയതി 31.05.2016 |
| 2015-16 | കെ. എസ്. എ.- എ.എൽ.പി.-പി.11-564/16 /06.01.17. |
| 2016-17 | കെ. എസ്. എ.- എ.എൽ.പി.- പി.11-1048/2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

# അനുബന്ധം-1

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(51)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688011,
ഫോൺ: 0477 2252753
email: ddhglfalpy@gmail.com
തീയതി: 06.07.2018

.
.

## ഓഡിറ്റ് സാക്ഷ്യപത്രം

.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018 /ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കുമാരപുരം ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-2

.
.

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

.
.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-3

| ക്രമ നം. | പ്രോജക്ട് വിശദാംശം | അടങ്കൽ | ചെലവ് തുക | ബിൽ നം./ തീയതി | പ്രവൃത്തിമൂല്യം | ഉപയോഗിച്ച ടാറിന്റെ അളവ്, അളവ് പുസ്തകം | ഫൈനൽ ബില്ലിൽ നിന്നും കുറയ്ക്കേണ്ടിയിരുന്ന ബാരലിന്റെ വില |
|---|---|---|---|---|---|---|---|
| 1 | മുണ്ടേക്കാലിൽ തീക്കോയിക്കൽ റോഡ് മെറ്റലിംഗ് & ടാറിംഗ്<br>വാർഡ് 8<br>പ്രോ.നം. 138/18<br>കരാറുകാരൻ- രാഹുലൻ.ആർ<br>കരാർ നം. 09/AE/LSGD /14-15/31.12.2016 | 239000/- (മെ.ഫ. റോഡ്) | 237283/-<br>(CC 1st & Final bill) | 14/17-18/ 14.07.2017 | 238475/- | 955.83 കി.ഗ്രാം.<br>453എം$^2$<br>MB No.22/ 16-17<br>Page No. 5,6,8,11<br>(6 ബാരൽ) | 1500/- |
| 2 | കവറാട്ട് ഇടക്കണം പള്ളി റോഡ് ബാക്കിഭാഗം മെറ്റലിംഗും ടാറിംഗും<br>വാർഡ് - 5<br>പ്രോ. നം.112/18<br>കരാറുകാരൻ- സഹദേവൻ<br>കരാർ നം. 04/AE/LSGD/ KMP/17-18 /29.12.2016 | 239000/-(മെ.ഫ. റോഡ്) | 216111/-(CC 1st & Final bill) | 12/17-18/ 14.07.2017 | 218294/- | 970.8കി. ഗ്രാം<br>417എം$^2$<br>MB No. 20/16-17<br>Page No. 4,5,9<br>(6 ബാരൽ) | 1500/- |
| 3 | ഇടക്കണംപള്ളി- ശ്രീരംഗം റോഡ് മെറ്റലിംഗ് & ടാറിംഗ്<br>പ്രോ.നം.123/18 | 993582/-<br>(വി.ഫ.) | 727170/-<br>(CC 1st & part bill)<br>262918- | 51/17-18/ 23.08.17<br>52/17-18/ 23.08.17 | 992263/- | 2340കി.ഗ്രാം<br>1125എം$^2$<br>MB No. 17/16-17 | 1575/-<br>(ബില്ലിൽ 145/-രൂപ നിരക്കിൽ 2175/- രൂപ |

| ക്രമ നം. | പ്രോജക്ട് വിശദാംശം | അടങ്കൽ | ചെലവ് തുക | ബിൽ നം./ തീയതി | പ്രവൃത്തിമൂല്യം | ഉപയോഗിച്ച ടാറിന്റെ അളവ്, അളവ് പുസ്തകം | ഫൈനൽ ബില്ലിൽ നിന്നും കുറയ്ക്കേണ്ടിയിരുന്ന ബാരലിന്റെ വില |
|---|---|---|---|---|---|---|---|
| | കരാറുകാരി- വല്ലഭൻ.പി<br>കരാർ നം.37/AE/ LSGD/16-17/ 29.03.17 | | CC 1st & final bill) | | | Page No. 33, 34<br>(15 ബാരൽ) | മാത്രമാണ് ഈടാക്കിയത്) |
| 4 | കണ്ണംതറ താഴ്ചയിൽ റോഡ് ടാറിംഗ്<br>പ്രോ. നം. 128/18<br>കരാറുകാരൻ -<br>രാജൻ.സി<br>കരാർ നം. 27/AE/LSGD /KMP/16-17/ 18.03.2017 | 273983/-<br>(വി.ഫ.) | 272227/-<br>(CC 1st & final bill) | 39/17-18/ 31.07.17 | 274324/- | 1176.80കി.ഗ്രാം<br>MB No. 24/16-17<br>Page No. 17, 18<br>505.50എം$^2$<br>(8 ബാരൽ) | 810/-<br>(ബില്ലിൽ 148.75/- രൂപ നിരക്കിൽ 1190/-രൂപ മാത്രമാണ് ഈടാക്കിയത്) |
| | ആകെ | | | | | | 5385/- |

.
.
.

ഡെപ്യൂട്ടി ഡയറക്ടർ